# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1315 04-12-2014 ൽ മറുപടിക്ക്

നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികളാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ; | (എ) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുളള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിന് ആവശ്യമായ മില്ലുകൾ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായിതന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, തൊഴിലാളികൾ, തൊഴിൽ പ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്ക പരിഹാരം എന്നിവക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾ തന്നെ ഇലക്ട്രോണിക് പാഡി റസീറ്റ് ഷീറ്റ് (e-PRS) നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു. |

(ബി) ഈ വർഷം നാളിതുവരെ കർഷകരിൽ നിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് അറിയിക്കാമോ ;

(ബി) ഈ സീസണിൽ (2014-15 ഒന്നാം സീസണിൽ) നാളിതുവരെ (01-12-2014) കർഷകരിൽ നിന്നും 1.28 ലക്ഷം മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

(സി) സംഭരണ തുകയായി കർഷകർക്ക് എത്ര കോടി രൂപ നൽകി എന്നും ഇനി കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ ;

(സി) സംഭരണ തുകയായി കർഷകർക്ക് നൽകുവാനുള്ള **243.56** കോടി രൂപയിൽ ഇതുവരെ **190.72** കോടി രൂപ നൽകിക്കഴിഞ്ഞു. കർഷകർക്ക് നൽകാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1 | ആലപ്പുഴ | **26.63** |
| 2 | കോട്ടയം | **10.75** |
| 3 | പാലക്കാട് | **15.46** |
| | ആകെ | **52.84** |

(ഡി) കുടിശ്ശിക ഒഴിവാക്കി സംഭരണ തുക കർഷകർക്ക് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(ഡി) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി സപ്ലൈകോ പൊതുമേഖല/സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകി വരുന്നു. സംസ്ഥാന സർക്കാരിൽ നിന്നും നെല്ലു സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് **150.93** കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

Beena

**സെക്ഷൻ ഓഫീസർ**